(ബി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ;

(സി) ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ടാംഘട്ടത്തിന് പരിസ്ഥിതി പ്രശ്നം സംബന്ധിച്ച ക്ലിയറൻസ് ആവശ്യമാണോ ;

(ഡി) ഇത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ ഇനിയും കാലതാമസം ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അർത്തുങ്കൽ ഫിഷിംഗ് ഹാർബർ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ 140 മീറ്റർ നിളത്തിൽ രണ്ട് സൈഡിലുള്ള പുലിമുട്ടുകൾ ടോയ്ലറ്റ് സൗകര്യമടക്കമുള്ള മറ്റ് സൗകര്യവും പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും രണ്ടാംഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഇതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്

(ബി) രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പരിസ്ഥിതി പഠനം പൂർത്തിയായതിനുശേഷം CESS, Pollution Control Board, എന്നിവരുടെ ശിപാർശകൾ ലഭ്യമാക്കി Science and Technology വകുപ്പ് മുഖാന്തരം കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയശേഷം 75% കേന്ദ്ര സഹായ പദ്ധതിയിൻ കീഴിൽ കേന്ദ്ര അനുവാദം ലഭിയ്ക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളു.

(സി) ഒന്നാംഘട്ട നിർമ്മാണത്തിന് 5 കോടി രൂപയ്ക്ക് കേന്ദ്ര പരിസ്ഥിതി അനുവാദം ലഭിച്ചിട്ടുള്ളതിനാൽ ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ രണ്ടാം ഘട്ടത്തിന് പരിസ്ഥിതി പ്രശ്നം സംബന്ധിച്ച ക്ലിയറൻസ് ആവശ്യമുണ്ടായെന്ന് സയൻസ് ആന്റ് ടെക്നോളജി വകുപ്പിനോട് ആരാഞ്ഞിട്ടുണ്ട്.

(ഡി) രണ്ടാംഘട്ട നിർമ്മാണത്തിനുള്ള പരിസ്ഥിതി പഠനം പൂർത്തിയായതിനുശേഷം കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതാണ്. കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 75% കേന്ദ്ര സഹായ പദ്ധതിയിൻ കീഴിൽ കേന്ദ്ര അനുമതിയും കൂടി ലഭ്യമായാൽ മാത്രമേ ഹാർബർ നിർമ്മാണം ആരംഭിക്കുവാൻ കഴിയുകയുള്ളു.

കൊയിലാണ്ടി ഫിഷിംഗ് ഹാർബർ വികസനം

233 (1991) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബറിനു വേണ്ടി ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നും ഇത് പൂർത്തിയാക്കാൻ ഇനി എത്ര തുക വേണ്ടിവരും എന്നും വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹാർബറിന്റെ വികസനവുമായി ബന്ധപ്പെട്ട് ഇനി എന്തൊക്കെ കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ :

(സി) ഫിഷിംഗ് ഹാർബറിന്റെ പണി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇതുവരെ 2344.078 ലക്ഷം രൂപ ചെലവഴിച്ചു. ഇനി 2850 ലക്ഷം രൂപ വേണ്ടിവരുമെന്ന് കണക്കാക്കുന്നു.

(ബി) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതിയിലെ പ്രധാന ഘടകങ്ങളിലൊന്നായ പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. 1600 മീറ്റർ നീളത്തിൽ നിർമ്മിക്കേണ്ട വടക്കേപുലിമുട്ട് 1118 മീറ്റർ നീളത്തിലും 915 മീറ്റർ നീളത്തിൽ നിർമ്മിക്കേണ്ട തെക്കേപുലിമുട്ട് 850 മീറ്റർ നീളത്തിലും ഇതുവരെ നിർമ്മിച്ചിട്ടുണ്ട്. വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവയുടെ നിർമ്മാണത്തിനും റിക്ലമേഷൻ പ്രവൃത്തിക്കും വേണ്ടി കരാറുകാരനുമായി ഉടമ്പടിയിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കാന്റീൻ, പ്രൊവിഷൻ സ്റ്റോർ എന്നിവയുടെ നിർമ്മാണത്തിന് ദർഘാസുകൾ ക്ഷണിച്ചു. റോഡുകൾ പാർക്കിംഗ് ഏരിയ, ഓവുചാൽ, ജലവിതരണം എന്നിവയ്ക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി. കൂടാതെ ഡ്രഡ്ജലിംഗ്, ഓഫീസ് കെട്ടിടം, ഗസ്റ്റ് ഹൗസ് ഗേറ്റും ഗേറ്റ് ഹൗസും നിലവിലുള്ള ഘടകങ്ങളുടെ പുനരുദ്ധാരണം കോമ്പൗണ്ട് വാൾ, ടോയ്‌ലെറ്റ് ബ്ലോക്ക് ഡ്രെയിനേജ്, സീവേജ്, ജലവിതരണത്തിനുള്ള കിണറുകൾ വൈദ്യുതീകരണം, ഗ്രീൻബെൽറ്റ് നാവിഗേഷണൽ, എയ്ഡ്സ് എന്നീ പ്രവൃത്തികളും ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്.

(സി) കൊയിലാണ്ടി മത്സ്യബന്ധന തുറമുഖ പദ്ധതിയിലെ പ്രധാനപ്പെട്ട എല്ലാ ഘടകങ്ങളുടേയും നിർമ്മാണം 31-3-2011-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഡവലപ്പ്മെന്റ് പ്രോജക്ട്

234 (1892) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.സി.ഡി.പി. (ഇന്റഗ്രേറ്റഡ് കോസ്റ്റൽ ഡവലപ്പ്മെന്റ് പ്രോജക്ട്) പ്രകാരം അരൂർ മണ്ഡലത്തിൽ നിന്നും എത്ര രൂപയുടെ ശിപാർശകളാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ ;

(ബി) അതിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് വർക്കിംഗ് ഗ്രൂപ്പിന്റെ പരിഗണനയ്ക്ക് വന്നത് ;

(സി) വാട്ടർ അതോറിറ്റി നൽകിയ ശിപാർശകളൊഴിച്ച് ഒരു പദ്ധതിപോലും അരൂർ മണ്ഡലത്തിൽ നിന്നും പരിഗണിച്ചില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly